## ടെണ്ടർ പരസ്യം

### ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്

കൊച്ചിൻ ദേവസ്വം ബോർഡ് വക ചോറ്റാനിക്കര ഭഗവതിക്ഷേത്രത്തിൽ നിന്നും പൂജിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ താഴെ പറയുന്ന ഇനങ്ങൾ എറ്റവും കുറഞ്ഞ നിരക്കിൽ ദേവസ്വത്തിൽ എത്തിച്ചു നൽകുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

1) സുദർശനചക്രം/ശ്രീചക്രം വലുത് - 17 cm * 17 cm
   ഒരെണ്ണത്തിനുള്ള എറ്റവും കുറഞ്ഞ നിരക്ക്

2) സുദർശനചക്രം/ ശ്രീചക്രം ചെറുത് – 13 cm * 13 cm
   ഒരെണ്ണത്തിനുള്ള എറ്റവും കുറഞ്ഞ നിരക്ക്

3) ചരട് (മഞ്ഞ, ചുവപ്പ്, കറുപ്പ്) - 80 cm
   1000 എണ്ണത്തിന് എറ്റവും കുറഞ്ഞ നിരക്ക്

മേൽപറഞ്ഞ ഇനങ്ങൾ ദേവസ്വം നിബന്ധനകൾക്ക് അനുസൃതമായി എറ്റവും കുറഞ്ഞ നിരക്കിൽ ദേവസ്വത്തിന് ഗുണകരമായ രീതിയിൽ എത്തിച്ചുതരുന്നവരുടെ പേരിൽ 1198 വൃശ്ചികം 1 മുതൽ ഒരു വർഷത്തേക്ക് മാത്രമായി ടി അവകാശം നിജപ്പെടുത്തി നൽകുന്നതാണ്. സുദർശനചക്രം/ശ്രീചക്രം എന്നിവ ചെമ്പുതകിടിൽ എഴുതി കാർഡ്ബോർഡിൽ പതിച്ച് ഗ്ലാസ്സ് ഇട്ട് അലൂമിനിയം ഫ്രെയിമോടുകൂടി വൃത്തിയായി പണിതുതരേണ്ടതാണ്. മേൽപ്രകാരമുള്ള ഇനങ്ങളിൽ കേടുവന്നതും ഉപയോഗിക്കുവാൻ പറ്റാത്തതുമായ ഇനങ്ങൾക്ക് പകരം നല്ലത് എത്തിച്ചു നൽകേണ്ടതാണ്. ടെണ്ടറുകളോടൊപ്പം നിരതദ്രവ്യമായി ഓരോന്നിനും 15,000/- രൂപയുടെ അസിസ്റ്റന്റ് കമ്മീഷ്ണർ, ചോറ്റാനിക്കര ദേവസ്വം എന്ന പേരിൽ D.D. വാങ്ങി അടക്കം ചെയ്യേണ്ടതും ഇനങ്ങളുടെ സാമ്പിളുകൾ പ്രത്യേകം കവറുകളിൽ അടക്കം ചെയ്യേണ്ടതുമാണ്. കുറഞ്ഞ ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനം ബോർഡ് സെക്രട്ടറിയുടെ പേരിൽ മുദ്രപത്രത്തിൽ കച്ചീട്ട് എഴുതി സമർപ്പിക്കേണ്ടതും സെക്യൂരിറ്റി

ഡെപ്പോസിറ്റായി 50,000/-ക ചക്രത്തിനും, 50,000/-ക ചരടിനും പാട്ടമിച്ചവാരം രശീതിപ്രകാരം ദേവസ്വത്തിൽ അടയ്ക്കേണ്ടതുമാണ്. (സെക്യൂരിറ്റി ഡെപ്പോസിറ്റിന് യാതൊരു കാരണവശാലും പലിശ നൽകുന്നതല്ല.) ടെണ്ടറുകൾ **2022 October 11 ന് പകൽ 11.30 മണിക്ക്** മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. ടെണ്ടറുകൾ അന്നേദിവസം **12 മണിക്ക്** ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ബഹു: കൊച്ചി ദേവസ്വം ബോർഡിന്റെ തീരുമാനം ലഭിച്ചതിനുശേഷം കരാർ ഉറപ്പിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ ചോറ്റാനിക്കര ദേവസ്വം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ടെണ്ടർ പ്രകാരം വർക്ക് ഏറ്റെടുക്കുന്ന വ്യക്തി നിയമാനുസൃത നികുതികൾ അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.

21/9/22

ചോറ്റാനിക്കര

അസിസ്റ്റന്റ് കമ്മീഷ്ണർ
ചോറ്റാനിക്കര ദേവസ്വം